**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

## വിജ്ഞാപനം

## KEAM -2024

## ആയുർവേദം [BAMS], ഹോമിയോപ്പതി [BHMS], സിദ്ധ [BSMS], യുനാനി[BUMS] കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

## പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസരം

2024-25 അധ്യയന വർഷത്തെ ആയുർവേദം [BAMS], ഹോമിയോപ്പതി [BHMS], സിദ്ധ [BSMS], യുനാനി [BUMS] കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് പുതുതായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം (22.08.2024 തീയതിയിലെ NCISM/NCH വിജ്ഞാപന പ്രകാരം) പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **31.10.2024, 11.59 PM** വരെ ലഭ്യമാണ്.

മൂന്നാം ഘട്ട അലോട്ട്മെന്റിന് ശേഷം നിലവിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനാണ് സ്ട്രേ വേക്കൻസി അലോട്ട്മെന്റ് നടത്തുന്നത്. മൂന്നാം റൗണ്ട് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. മുൻ അലോട്ട്മെന്റുകളെ ബാധിക്കാത്ത രീതിയിലാകും സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് നടത്തുന്നത്.

KEAM-2024 വഴി പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന **'KEAM 2024-Online Application'** എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്ത്, രജിസ്ട്രേഷൻ നടത്തി പ്രോസ്പെക്ടസ് ക്ലോസ് 7.4 ൽ പരാമർശിക്കുന്ന പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ചതിനുശേഷം ലഭിക്കുന്ന അക്നോളഡ്ജ്മെന്റ്

പേജിന്റെ പ്രിന്റൗട്ട് അപേക്ഷകർ സൂക്ഷിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ട്, മറ്റ് രേഖകൾ എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് അയക്കേണ്ടതില്ല.

**പ്രത്യേക ശ്രദ്ധയ്ക്ക്-**

1. *KEAM 2024 പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ആദ്യ ഘട്ടങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ പുതിയ അപേക്ഷകൾ സമർപ്പിക്കരുത്. KEAM 2024 പ്രോസ്പെക്ടസ് വ്യവസ്ഥകൾ അനുസരിച്ച് ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കുന്നത് മൂലം ക്യാൻഡിഡേച്ചർ റദ്ദാകുന്നതാണ്.*
2. *വിവിധ റിസർവേഷൻ കാറ്റഗറി സീറ്റുകളിലേക്കുള്ള പ്രവേശനത്തിനോ ഏതെങ്കിലും വരുമാനം അടിസ്ഥാനമാക്കിയുള്ള ഫീസ് ഇളവുകൾക്കോ വേണ്ടി പരിഗണിക്കാൻ ആഗ്രഹിക്കുന്ന പുതിയ അപേക്ഷകർ, ഓൺലൈൻ അപേക്ഷയ്ക്കൊപ്പം ആവശ്യമായ അനുബന്ധ രേഖകളും (കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, സംസ്ഥാന വിദ്യാഭ്യാസ ആവശ്യത്തിനുള്ള നോൺ ക്രീമി ലെയർ സർട്ടിഫിക്കറ്റ്, EWS സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്) സംവരണത്തിനോ ഫീസ് ഇളവിനോ വേണ്ടിയുള്ള ക്ലെയിമുകൾ സാധൂകരിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ ഓൺലൈൻ അപേക്ഷയൊടൊപ്പം സമർപ്പിക്കേണ്ടതാണ്. **ഒരു സാഹചര്യത്തിലും പിന്നീട് അനുബന്ധ രേഖകൾ സമർപ്പിക്കാൻ അവസരമുണ്ടാകില്ല.** മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം ലഭ്യമായ സംവരണ സീറ്റുകളിൽ മാത്രമേ സംവരണത്തിനായി പുതിയ അപേക്ഷകരെ പരിഗണിക്കൂ.*

എല്ലാ വിദ്യാർത്ഥികളും പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് 26.03.2024 ലെ വിജ്ഞാപനത്തിലെ യോഗ്യതാ വ്യവസ്ഥകൾ, അക്കാദമിക് യോഗ്യതകൾ, സമർപ്പിക്കേണ്ട രേഖകൾ തുടങ്ങിയവയും **www.www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമായ എൻജിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള സർക്കാർ അംഗീകൃത പ്രോസ്പെക്ടസും പരിശോധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signed by
Arun S Nair
Date: 29-10-2024 21:14:45
**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
29-10-2024